## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം.4536 **25/06/2019 ൽ മറുപടിക്ക്**

## വില്ലേജ് ഓഫീസുകളിൽ സ്ഥിരം സർവ്വേയർ തസ്തിക

**ചോദ്യം**
**ശ്രീ.അൻവർ സാദത്ത്**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വില്ലേജ് തലത്തിൽ ഭൂമി സംബന്ധമായ പരാതികൾ കൂടി വരുന്ന സാഹചര്യത്തിൽ വില്ലേജ് ഓഫീസുകളിൽ സ്ഥിരം സർവ്വേയർ തസ്തികകൾ സൃഷ്ടിക്കുവാൻ നടപടികൾ സ്വീകരിക്കുമോ; | (എ) | 31/05/2010 ലെ സ.ഉ(എംഎസ്) 200/10/റവന്യൂ ഉത്തരവ് പ്രകാരം LRM വിഭാഗത്തിലെ ജോലിഭാരത്തിനനുസരിച്ച് കൂട്ടതലായി ആവശ്യമായ ജീവനക്കാരെ റീസർവ്വെയിൽ നിന്നും താലൂക്കാഫീസുകളിലേയ്ക്ക് നിയോഗിച്ചു വരുന്നു. നിലവിൽ വില്ലേജ് ഓഫീസുകളിൽ സ്ഥിരം സർവ്വേയർ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് തീരുമാനമൊന്നുമെടുത്തിട്ടില്ല. |
| (ബി) | സംസ്ഥാനത്ത് ടോറൻസ് സമ്പ്രദായം നടപ്പാക്കിയപ്പോൾ ഉണ്ടായ നേട്ടങ്ങളും കോട്ടങ്ങളും വ്യക്തമാക്കാമോ; | (ബി) | സ്വകാര്യഭൂമി കൈമാറ്റം ചെയ്യുമ്പോൾ രജിസ്റ്റർ ചെയ്യുന്ന ആധാരത്തിനോടൊപ്പം കൈമാറ്റം ചെയ്യപ്പെടുന്ന സ്ഥലത്തിന്റെ റവന്യൂ റിക്കാർഡുകളെ അടിസ്ഥാനപ്പെടുത്തിയുള്ള സ്കെച്ച് കൂടി ഉൾപ്പെടുത്തി ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്നതാണ് ടോറൻസ് സമ്പ്രദായം. ഇതിലേക്കായി ലൈസൻസ്ഡ് സർവ്വെയർമാർ തയ്യാറാക്കി നൽകുന്ന സ്കെച്ചുകൾ അംഗീകരിക്കുന്നതിനായി കോട്ടയം, എറണാകുളം എന്നീ ജില്ലകളിൽ കോട്ടയം, അങ്കമാലി SRO യുടെ പരിധിയിൽ പ്രിൻസിപ്പൽ രജിസ്ട്രേഷൻ സബ് ഡിസ്ട്രിക്റ്റ് സർവ്വെ ഓഫീസുകൾ പ്രവർത്തിക്കുന്നു.<br>ഇത്തരത്തിൽ രജിസ്റ്റർ ചെയ്യുന്ന ആധാരത്തിനോടൊപ്പം സ്കെച്ച് കൂടി |

| | | | |
|---|---|---|---|
| | | | ഉൾപ്പെടുത്തുന്ന സാഹചര്യത്തിൽ സ്കെച്ച് തയ്യാറാക്കുന്ന സമയം കൂടി ആധാരം രജിസ്റ്റർ ചെയ്യുന്നതിനായി ആവശ്യമായി വരുന്ന എന്നതൊഴിവാക്കിയാൽ, ഭൂമി കൈമാറ്റം ചെയ്യുന്ന സമയം ആധാരത്തോടൊപ്പം അംഗീകരിച്ച സ്കെച്ച് കൂടി ചേർക്കുന്നതുമൂലം വിസ്തീർണ്ണത്തിലും, കൈവശ അതിർത്തിയിലും കൂടുതൽ കൃത്യത വരികയും, സർവ്വെ നമ്പർ തെറ്റായി ആധാരം രജിസ്റ്റർ ചെയ്യുന്ന സാഹചര്യം ഒഴിവാകുകയും ചെയ്യുന്നു. ഇതിലൂടെ ആധാരത്തിലെയും റവന്യൂ റിക്കാർഡുകളിലെയും വിസ്തീർണ്ണ വ്യത്യാസം സംബന്ധിച്ച പരാതികൾ പരമാവധി ഒഴിവാക്കാൻ സാധിക്കുന്നതുമാണ്. |
| (സി) | സംസ്ഥാനത്ത് ഏതെല്ലാം വില്ലേജുകളിലാണ് ടോറൻസ് സമ്പ്രദായം നിലവിലുള്ളത്; | (സി) | സംസ്ഥാനത്ത് കോട്ടയം സബ് രജിസ്ട്രാർ ഓഫീസിന് കീഴിൽ വരുന്ന കോട്ടയം, നാട്ടകം, അയ്മനം, വേളൂർ, കുമരകം, ചെങ്ങളം തിരുവാർപ്പ് എന്നീ വില്ലേജുകളിലും അങ്കമാലി രജിസ്ട്രാർ ഓഫീസിന് കീഴിൽ വരുന്ന അങ്കമാലി, തുറവൂർ, മഞ്ഞപ്ര, അയ്യമ്പുഴ, കറുകുറ്റി, മൂക്കന്നൂർ എന്നീ വില്ലേജുകളിലുമാണ് ടോറൻസ് സമ്പ്രദായം നിലവിലുള്ളത്. |
| (ഡി) | ഭാവിയിൽ ഉണ്ടാകാവുന്ന അതിർത്തിത്തർക്കം,കയ്യേറ്റം എന്നിവ ഒഴിവാക്കുവാനും സർവ്വേ റിക്കാർഡുകളുടെ കൃത്യതയ്ക്കും,സംസ്ഥാന സർക്കാരിന് സാമ്പത്തിക നേട്ടവും ഉണ്ടാകുന്നതിനാൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ടോറൻസ് സമ്പ്രദായം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കുമോ;വ്യക്തമാക്കുമോ? | (ഡി) | ടോറൻസോ, സമാനമായ സമ്പ്രദായമോ സംസ്ഥാന വ്യാപകമായി നടപ്പിലാക്കുന്നതിന്റെ സാധ്യത പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ